**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- എറണാകുളം ജില്ല – കിഴക്കമ്പലം ഗ്രാമപഞ്ചായത്ത് അനധികൃത നിർമ്മാണം ക്രമവൽക്കരിക്കുന്നത് സംബന്ധിച്ച് ശ്രീ സി.പി. ജേക്കബ്ബ് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത W.P.(C) Nos. 35814/2019, 3857/2020, 18262/2020 കേസുകളിൻമേലുള്ള യഥാക്രമം 24/12/2019, 26/2/2020, 15/9/2020 തീയതികളിലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർബി) വകുപ്പ്**

**സ.ഉ.(സാധാ) നം.1778/2020/തസ്വഭവ തിരുവനന്തപുരം, തീയതി 29/09/2020**

---

പരാമർശം:- 1) കേരള പഞ്ചായത്ത് ബിൽഡിംഗ് (അനധികൃത നിർമ്മാണം ക്രമവൽക്കരണം) റൂൾസ് 2018 പ്രകാരം ശ്രീ.സരസൻ സമർപ്പിച്ച 30/10/2019 ലെ റിവ്യൂ പെറ്റീഷൻ.

2) സെക്രട്ടറി, കിഴക്കമ്പലം ഗ്രാമപഞ്ചായത്തിന്റെ റിപ്പോർട്ട്.

3) ബഹു. ഹൈക്കോടതി മുമ്പാകെ ശ്രീ. സി.പി. ജേക്കബ്ബ് ഫയൽ ചെയ്ത W.P.(C) No.35814/19 കേസിലെ 24/12/2019 തീയതിയിലെ വിധിന്യായം

4) 22/01/2020 ലെ 470/RB1/2019/തസ്വഭവ നമ്പർ സർക്കാർ കത്ത്.

5) 20/2/2020 ലെ 67/RB1/2020 തസ്വഭവ നമ്പർ സർക്കാർ കത്ത്.

6) ബഹു. ഹൈക്കോടതി മുമ്പാകെ ശ്രീ. സി.പി. ജേക്കബ്ബ് ഫയൽ ചെയ്ത WP(C) No.3857/2020 കേസിലെ 26/2/2020 തീയതിയിലെ വിധിന്യായം.

7) സർക്കാരിന്റെ 20/8/2020 ലെ 67/RB1/2020/തസ്വഭവ നമ്പർ ഹിയറിംഗ് നോട്ടീസ്

8) ബഹു. ഹൈക്കോടതി മുമ്പാകെ ശ്രീ. സി.പി. ജേക്കബ്ബ് ഫയൽ ചെയ്ത W.P.(C) No.18262/2020 കേസിലെ 15/9/2020 തീയതിയിലെ വിധിന്യായം

**ഉത്തരവ്**

എറണാകുളം ജില്ല കിഴക്കമ്പലം ഗ്രാമപഞ്ചായത്ത്, കിഴക്കമ്പലം വില്ലേജിൽ, ബ്ലോക്ക് നം.25, റീ.സർവ്വെ നം.260/23 ൽപ്പെട്ട സ്ഥലത്ത് നിർമ്മിച്ചിരിക്കുന്ന 87.53 ച.മീ. ഫ്ളോർ ഏരിയ വരുന്ന രണ്ട് നില (G+1) കൊമേഴ്സ്യൽ കെട്ടിടം ക്രമവൽക്കരിക്കുന്നതിനുള്ള അപേക്ഷ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 220(b) യുടെ ലംഘനമുള്ളതിനാൽ ജില്ലാ തല കമ്മിറ്റി നിരസിച്ചതിനെതിരെ കേരള പഞ്ചായത്ത് ബിൽഡിംഗ് (അനധികൃത നിർമ്മാണം ക്രമവൽക്കരണം) റൂൾസ് 2018 പ്രകാരം കെട്ടിട ഉടമയായ ശ്രീ. സരസൻ പരാമർശം (1) പ്രകാരം സർക്കാരിൽ അപ്പീൽ അപേക്ഷ സമർപ്പിച്ചിരുന്നു.

**2.** പരാമർശ വിഷയത്തിൽ തീർപ്പ് കൽപ്പിക്കുന്നതിനായി സർക്കാർ അപേക്ഷകന്റെ അഡ്വക്കേറ്റിനെയും, ടൗൺ പ്ലാനർ, പഞ്ചായത്ത് സെക്രട്ടറി എന്നിവരെയും 6/12/19 ന് നേരിൽ കേൾക്കുകയും രേഖകൾ പരിശോധിക്കുകയും ചെയ്തു. പ്രസ്തുത ഹിയറിംഗിൽ ശ്രീ.സരസന്റെ ഭാഗത്തുള്ള വീഴ്ചകൊണ്ടല്ല പ്രത്യുത, റോഡ് വീതി കൂട്ടിയതിനാൽ ടിയാന്റെ സ്ഥലം നഷ്ടപ്പെട്ടതുമൂലമാണ് കെട്ടിടത്തിന്റെ front set back ൽ കുറവുണ്ടായതെന്നും 220(b) ചട്ടലംഘനം ആയതെന്നും കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ഇനി റോഡ് വികസനത്തിനു തടസ്സമായി

വന്നാൽ പരാമർശ കെട്ടിടം ടിയാന്റെ ചെലവിൽ പൊളിച്ച് മാറ്റി കൊടുക്കേണ്ടതാണ് എന്നുള്ള വ്യവസ്ഥയോടെ ശ്രീ.സരസന്റെ കെട്ടിടത്തെ 220(b) ചട്ടലംഘനത്തിൽ നിന്നും ഒഴിവാക്കി കൊണ്ട് കെട്ടിടം ക്രമവൽക്കരിച്ച് നൽകാൻ ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ പരാമർശം (4) കത്ത് പ്രകാരം കിഴക്കമ്പലം ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് സർക്കാർ നിർദ്ദേശം നൽകുകയുണ്ടായി.

**3.** എന്നാൽ ശ്രീ. സരസൻ സർക്കാരിൽ സമർപ്പിച്ച അപ്പീലിൻമേൽ തീരുമാനം എടുക്കുന്നതിനു മുമ്പേ അയൽവാസിയായ തന്നെയും കേൾക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ സി.പി. ജേക്കബ് ബഹു. ഹൈക്കോടതിയിൽ W.P.(C) No.35814/2019 ഫയൽ ചെയ്യുകയും പരാമർശം (3) പ്രകാരം വിധി സമ്പാദിക്കുകയും ചെയ്തു. എന്നാൽ ഫയലിൽ 20/01/2020 ൽ ബഹു. മന്ത്രി ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ പരാമർശം (4) ലെ കത്ത് പ്രകാരം സർക്കാർ നിർദ്ദേശം നൽകുകയും ചെയ്ത ശേഷമാണ് അതേ ദിവസം തന്നെ പ്രസ്തുത വിധിപ്പകർപ്പ് അഡ്വക്കേറ്റ് ജനറലിൽ നിന്നും സർക്കാരിൽ ലഭിച്ചത്. ആയതിനാൽ ശ്രീ. സി.പി. ജേക്കബ്ബിനെ കേൾക്കാൻ കഴിയാതെപോകുകയും, ടിയാനെ കേൾക്കാതെ നിർദ്ദേശം നൽകിയതിനെതിരെ ശ്രീ സി.പി. ജേക്കബ്ബ് വീണ്ടും ബഹു. ഹൈക്കോടതിയിൽ പോകുകയും ടിയാനേയും കേൾക്കണമെന്നുള്ള വിധി, പരാമർശം (6) പ്രകാരം, സമ്പാദിക്കുകയും ചെയ്തു. എന്നാൽ പരാമർശം (3) ലെ വിധി പകർപ്പ് സർക്കാരിൽ കിട്ടിയ മുറയ്ക്ക് സർക്കാർ പുറപ്പെടുവിച്ച പരാമർശം (4) ലെ കത്ത്, പരാമർശം (5) പ്രകാരം റദ്ദ് ചെയ്യുകയും മേൽ കോടതി വിധികളുടെ അടിസ്ഥാനത്തിൽ ശ്രീ.സി.പി.ജേക്കബ് ഉൾപ്പെടെയുള്ളവരെ പരാമർശം (7) കത്ത് പ്രകാരം കോവിഡിന്റെ പശ്ചാത്തലത്തിൽ ഫോൺ മുഖേന നേരിൽ കേൾക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു. എന്നാൽ Video Conferencing മുഖേന കേൾക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ. സി.പി.ജേക്കബ് ബഹു. ഹൈക്കോടതിയിൽ W.P.(C) No.18262/2020 ൽ ഫയൽ ചെയ്യുകയും ആയത് അനുവദിച്ച് പരാമർശം (8) പ്രകാരം കോടതി വിധിയാവുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ 24/09/2020 ടിയാരെ Google Meeting വഴി സർക്കാർ നേരിൽ കേൾക്കുകയുണ്ടായി.

**4.** ബഹു. കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ, നടത്തിയ ഗൂഗിൾ മീറ്റിംഗിൽ ശ്രീ. ജേക്കബിനു വേണ്ടി അഡ്വ.പോൾ വർഗ്ഗീസും, ശ്രീ. സരസനു വേണ്ടി അഡ്വ. റെനി അഗസ്റ്റിനും, കിഴക്കമ്പലം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയും പങ്കെടുത്തു.

**5.** ശ്രീ.സരസന്റെ കെട്ടിടത്തിന് മുമ്പിലൂടെ പോകുന്ന റോഡിന്റെ എതിർ വശത്താണ് താൻ താമസിക്കുന്നതെന്ന് അറിയിക്കുകയും ശ്രീ സരസന്റെ കെട്ടിടത്തിന് 220(b) ചട്ടലംഘനമുള്ളതിനാൽ ടിയാന് കെട്ടിടം ക്രമവൽക്കരിച്ച് നൽകരുതെന്നും ആയത് ബിൽഡിംഗ് റൂൾ ലംഘനമാണെന്നും ശ്രീ. സി.പി. ജേക്കബ്ബ് ആവശ്യപ്പെടുകയും ചെയ്തു. എന്നാൽ ശ്രീ. സരസന്റെ കെട്ടിടം ക്രമവൽക്കരിച്ച് നൽകുന്നതുമൂലം ശ്രീ. സി.പി. ജേക്കബിന് എന്തെങ്കിലും ബുദ്ധിമുട്ടുണ്ടോ എന്നുള്ള കാര്യം തെളിയിക്കാൻ ടിയാന് കഴിഞ്ഞിട്ടില്ലാത്തതും കൂടാതെ ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ ശ്രീ.സി.പി.ജേക്കബിന്റെ വീട് സ്ഥിതിചെയ്യുന്നതെന്നു പറയുന്ന ഭാഗത്ത് റോഡ് കൈയേറി സിമന്റ് ചെയ്തിരിക്കുന്നതായി കാണാൻ കഴിഞ്ഞിട്ടുള്ളതുമാണ്. കൂടാതെ ടിയാരെ നേരിൽ കേൾക്കുകയും, ടിയാർ സമർപ്പിച്ച രേഖകളും, പരാമർശ വിഷയവും വിശദമായി പരിശോധിക്കുകയും ചെയ്തതിൽ തികച്ചും വ്യക്തി വൈരാഗ്യമാണ് പ്രസ്തുത കേസുകൾ കോടതിയിൽ ഫയൽ ചെയ്യാനുള്ള കാരണമെന്നും, പ്രസ്തുത കെട്ടിടം ക്രമവൽക്കരിക്കുന്നത് സംബന്ധിച്ചുള്ള സർക്കാരിന്റെ അധികാരത്തിൻമേലുള്ള ശ്രീജേക്കബിന്റെ പരാതി കഴമ്പില്ലാത്തതാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുള്ളതുമാണ്.

**6.** മേൽ വിവരിച്ച സാഹചര്യത്തിൽ, ഭാവിയിൽ റോഡ് വികസനത്തിന് തടസ്സമായി വന്നാൽ കിഴക്കമ്പലം ഗ്രാമപഞ്ചായത്തിലെ ബ്ലോക്ക് നമ്പർ 25 ലെ റീ സർവ്വേ നമ്പർ 260/23-ൽ പ്പെട്ട സ്ഥലത്തെ 87.53 ച.മീ. വിസ്തീർണ്ണമുള്ള ശ്രീ. സരസന്റെ ഉടമസ്ഥതയിലുള്ള കെട്ടിടം സ്വന്തം

ചെലവിൽ പൊളിച്ചുമാറ്റിക്കൊടുക്കാം എന്നുള്ള ഒരു agreement ശ്രീ.സരസൻ പഞ്ചായത്തിൽ സമർപ്പിക്കുന്ന മുറയ്ക്ക് ടി കെട്ടിടത്തിനുള്ള 220(b) ചട്ടലംഘനം ഒഴിവാക്കിക്കൊണ്ട് ബാക്കി ചട്ടലംഘനങ്ങൾ ക്രമവൽക്കരണ ചട്ട പ്രകാരം ക്രമവൽക്കരിച്ച് കെട്ടിടത്തിന് occupancy നമ്പർ അനുവദിക്കാൻ പഞ്ചായത്ത് സെക്രട്ടറിയ്ക്കും നിർദ്ദേശം നൽകികൊണ്ടും, മേൽ പരാമർശിത കോടതി വിധികൾ നടപ്പാക്കിക്കൊണ്ടും ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**സജ്ജുകുമാർ. എൻ**
**ഡെപ്യൂട്ടി സെക്രട്ടറി**

ശ്രീ. സരസൻ പി.റ്റി.
പള്ളത്തുവീട്ടിൽ, ഇടത്തല നോർത്ത് പി.ഒ., ഇടത്തല, എറണാകുളം - 683561.
ശ്രീ. സി.പി. ജേക്കബ്ബ്,
ചാക്കച്ചൻ ഹൗസ്, പഴങ്കനാട്, കിഴക്കമ്പലം പി.ഒ., എറണാകുലം -683561.
അഡ്വക്കേറ്റ് ജനറൽ, കേരള, ഏറണാകുളം (ആമുഖ കത്ത് സഹിതം)
സീനിയർ ടൗൺ പ്ലാനർ, എറണാകുളം
സെക്രട്ടറി, കിഴക്കമ്പലം ഗ്രാമപഞ്ചായത്ത് (തുടർ നടപടികൾക്കായി)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ